കേരള സർക്കാർ

നം.26519/ജെ1/15/പൊവിവ

പൊതുവിദ്യാഭ്യാസ(ജെ) വകുപ്പ്
തിരുവനന്തപുരം
തീയതി : 14.10.2015

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് - പൊതുവിദ്യാഭ്യാസവകുപ്പിൽ ജോലിചെയ്യുന്നവരുടെ സ്ഥലംമാറ്റ നടപടികൾ മാർച്ച്, ഏപ്രിൽ മാസങ്ങളോടെ പൂർത്തിയാക്കുവാൻ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- കേരള മനുഷ്യാവകാശകമ്മിഷന്റെ 7.5.2015 ലെ എച്ച്.ആർ.എം.പി നമ്പർ 4210/2015 നമ്പർ ഉത്തരവ്.

-------------

കേരള സംസ്ഥാന മനുഷ്യവകാശകമ്മിഷൻ മുമ്പാകെ ശ്രീ.ഷമീം.എസ് ഫയൽ ചെയ്ത ഹർജി പരിശോധിക്കുമ്പോൾ പൊതുവിദ്യാഭ്യാസവകുപ്പിൽ ജോലി ചെയ്യുന്നവരുടെ അശാസ്ത്രീയമായ പൊതുസ്ഥലമാറ്റം രീതി കുട്ടികളുടെ വിദ്യാഭ്യാസത്തെ ഹാനികരമായി ബാധിക്കുന്നതിനാലും നല്ല സ്കൂളുകളിൽ പ്രവേശനം ലഭിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാവുന്നതായും സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ കണ്ടെത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ മാറ്റം നടത്തുന്നത് ഏപ്രിൽ മാസത്തിൽ തന്നെയാവണമെന്ന് ബഹു.കമ്മിഷൻ സൂചനയിലെ ഉത്തരവുപ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പൊതുവിദ്യാഭ്യാസവകുപ്പിൽ വരും വർഷങ്ങളിൽ കഴിയുമെങ്കിൽ മാർച്ച് മാസത്തിലോ അല്ലെങ്കിൽ ഏപ്രിൽമാസത്തിനുള്ളിൽ പൊതുസ്ഥലമാറ്റം സംബന്ധമായ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. ഇക്കാര്യം കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് പൊതുവിദ്യാഭ്യാസഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

**ആർ. ആനന്ദവല്ലി**
**ഡെപ്യൂട്ടി സെക്രട്ടറി**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ.റ്റി.@ സ്കൂൾ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും / ഓഫീസർമാർക്കും.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻപ്രകാരം**

**സെക്ഷൻഓഫീസർ**